Mathrubhumi
മാതൃഭൂമി

# എനർജി മീറ്റർ കാലിബ്രേഷൻ ലാബിന് എൻഎബിഎൽ അംഗീകാരം

**തിരുവനന്തപുരം** ▸ എനർജി മാനേജ്മെന്റ് സെന്ററിന്റെ കീഴിൽ പ്രവർത്തിക്കുന്ന എനർജി മീറ്റർ കാലിബ്രേഷൻ ലാബിന് നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ടെസ്റ്റിങ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസിന്റെ പുനരംഗീകാരം ലഭിച്ചു.

2021 മുതൽ എൻഎബിഎൽ അംഗീകാരം നിലനിർത്തിയിരിക്കുന്ന ലാബിന് 2029 വരെ നാലുവർഷത്തേക്ക് അംഗീകാരം പുതുക്കി.

വൈദ്യുതി മേഖലയിൽ ഉപയോഗിക്കപ്പെടുന്ന സാധാരണ എനർജി മീറ്ററുകളുടെയും സോളാർ മേഖലയിൽ ഉപയോഗിക്കുന്ന നെറ്റ് മീറ്ററുകൾ, ട്രൈവെക്ടർ മീറ്ററുകൾ എന്നിവയുടെ കൃത്യതയും ഗുണനിലവാരവും ഉറപ്പാക്കുന്നതിന് ഇഎംസിയുടെ ലാബിൽ സാധിക്കും.

18/07/2025 TRIVANDRUM Pg 11